## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1837** — **07.03.2018 ൽ മറുപടിയ്ക്ക്**

### നിഷ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി.ഡി. സതീശൻ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** | |
| (എ) | 2015 ലെ കേന്ദ്ര ബഡ്ജറ്റിൽ നിഷ് കേന്ദ്ര സർവ്വകലാശാല ആക്കുമെന്ന പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും നടപടി കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളതായി അറിയാമോ; | (ബി) | നാഷണൽ യൂണിവേഴ്സിറ്റി ഫോർ റീഹാബിലിറ്റേഷൻ ആൻഡ് ഡിസബിലിറ്റി സ്റ്റഡീസ് (NURDS) ബിൽ, ധനകാര്യ മന്ത്രാലയത്തിന്റെ ഇ, എഫ്, സി ഉൾപ്പെടെയുള്ള എല്ലാ മന്ത്രാലയങ്ങളും അംഗീകരിച്ച ശേഷം ക്യാബിനറ്റ് നോട്ടിനോടൊപ്പം ജൂലൈ 2017 ൽ പ്രധാനമന്ത്രിയുടെ ഓഫീസിൽ എത്തിയിട്ടുണ്ട്. അതിനുശേഷം തുടർനടപടിക്രമങ്ങൾ ഉണ്ടായിട്ടില്ല. പ്രധാനമന്ത്രിയുടെ അംഗീകാരത്തോടെ ഈ ബിൽ ക്യാബിനറ്റിൽ അംഗീകരിക്കുകയും പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്യേണ്ടതുണ്ട്. |
| (സി) | പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുന്നതിന് വിളപ്പിൽ 50 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ടോ; ഇതിന്റെ രേഖകൾ കേന്ദ്രസർക്കാരിന് കൈമാറിയിട്ടുണ്ടോ; | (സി) | ഉണ്ട്. ഉത്തരവ് കേന്ദ്ര സർക്കാരിന് കൈമാറിയിട്ടുണ്ട്. |
| (ഡി) | രാജ്യത്തിന് തന്നെ മാതൃകയായി മാറാവുന്ന പ്രസ്തുത സ്ഥാപനത്തിന് കേന്ദ്രസർവകലാശാല പദവി നേടിയെടുക്കുന്നതിന് ഊർജ്ജിത നടപടി ഉണ്ടാകുമോ? | (ഡി) | നിഷിന് കേന്ദ്ര സർവകലാശാല പദവി നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.